"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്-കില ഡയറക്ടർ ജനറലിന് വാഹനം വാങ്ങുന്നതിന് സർക്കാർ അനുവദിച്ച 15 ലക്ഷം രൂപയ്ക്ക് പുറമേ ചെലവായ അധിക തുക കിലയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടി-സാധൂകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐബി) വകുപ്പ്**

സ.ഉ.(സാധാ) നം.619/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:- 1. സ.ഉ(സാധാ)നം.2667/2025/തസ്വഭവ തീയതി.05.11.2025

2. കില ഡയറക്ടർ ജനറലിന്റെ 15.11.2025,21.11.2025 തീയതികളിലെ 2025/5440/HQ നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കില ഡയറക്ടർ ജനറലിന്റെ ഉപയോഗത്തിന് വാഹനം ലഭ്യമല്ല എന്ന വസ്തുത കണക്കിലെടുത്ത്, നിലവിലുള്ള സ്ഥിരം തസ്തികകളിൽ നിന്നും പുതിയ വാഹനത്തിന് ഡ്രൈവറെ നിയമിക്കണം എന്ന നിബന്ധനയിൽ 15 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒരു five seater Diesel വാഹനം അല്ലെങ്കിൽ ഇലക്ട്രിക് വാഹനം കിലയ്ക്ക് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി വാങ്ങുന്നതിന് പരാമർശം(1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2) എന്നാൽ, കിലയുടെ വിവിധ സെന്ററുകളിലേയ്ക്കുള്ള സന്ദർശനങ്ങൾ, പ്രവർത്തനങ്ങൾ വിലയിരുത്തൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താഴെ തട്ടിലുള്ള പരിശീലനങ്ങൾ, ഏകോപന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സംസ്ഥാനത്തുടനീളം വിപുലമായ ഔദ്യോഗിക യാത്രകൾ നടത്തുന്ന കിലയുടെ ഡയറക്ടർ ജനറലിന്റെ ഔദ്യോഗിക ഉപയോഗത്തിന് ഹ്യൂണ്ടായി ക്രെറ്റ 1.5 ഡീസൽ SX പ്രീമിയം MTവാഹനം കൂടുതൽ സുരക്ഷിതവും ക്ഷീണരഹിതവുമായ യാത്രയ്ക്ക് ആവശ്യമായ മെച്ചപ്പെട്ട സുരക്ഷയും സൗകര്യങ്ങളും ഉള്ളതിനാലും ഓഫീസ് വാഹനം വളരെ അത്യാവശ്യമായതിനാലും നിലവിലുള്ള സർക്കാർ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ച് GEM പോർട്ടൽ വഴി ടി വാഹനം വാങ്ങുന്നതിനുള്ള നടപടികൾ കില സ്വീകരിച്ചിരുന്നുവെന്നും ആയതിനാൽ കില ഡയറക്ടർ ജനറലിന് വാഹനം വാങ്ങുന്നതിന് സർക്കാർ അനുവദിച്ച 15 ലക്ഷം രൂപ എന്നതിന് പകരം കിലയുടെ തനത് ഫണ്ടിൽ നിന്നും 23,162/- രൂപ കൂടി ചെലവഴിച്ച് 15,23,162/- രൂപയ്ക്ക് ഹ്യൂണ്ടായി ക്രെറ്റ 1.5 ഡീസൽ SX പ്രീമിയം MT വാങ്ങുന്നതിന് കില സ്വീകരിച്ച നടപടി സാധൂകരിച്ച് നൽകണമെന്നും പരാമർശം(2) പ്രകാരം കില ഡയറക്ടർ

ജനറൽ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കില ഡയറക്ടർ ജനറലിന് വാഹനം വാങ്ങുന്നതിന് സർക്കാർ അനുവദിച്ച 15 ലക്ഷം രൂപ എന്നതിന് പകരം കിലയുടെ തനത് ഫണ്ടിൽ നിന്നും 23,162/- രൂപ കൂടി ചെലവഴിച്ച് 15,23,162/- രൂപയ്ക്ക് (പതിനഞ്ച് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഒരുന്നൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) ഹ്യൂണ്ടായി ക്രെറ്റ 1.5 ഡീസൽ SX പ്രീമിയം MT വാങ്ങിയ കിലയുടെ നടപടി, ആയത് കിലയുടെ അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ സാധൂകരിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ ജനറൽ,കില,തൃശ്ശൂർ
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള,തിരുവനന്തപുരം
ഐ&പിആർ(വെബ്&ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Geetha. T. S
Date: 07-03-2026 15:27:21
സെക്ഷൻ ഓഫീസർ